# ഇടശ്ശേരിഗോവിന്ദൻ നായർ
## അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ ഒരോട്ടപ്രദക്ഷിണം
### ടി. ഗോപാലക്കുറുപ്പ്

ശങ്കരേട്ടന്റെ കീഴിലായതു കൊണ്ട് എഴുതിയതിനൊന്നും കാശു കിട്ടിയില്ല. ഭക്ഷണം അവിടെ കഴിയുമെന്നു മാത്രം. മൂന്നുമാസം കഴിഞ്ഞപ്പോൾ ഒരു ട്യൂഷൻ തരപ്പെട്ടു. ഒരുറുപ്പികയാണ് മാസ്പടി. അതും ശങ്കരേട്ടൻ വാങ്ങിക്കളയുമോ? നമ്മുടെ ചെക്കന്നൊരു പേടി. പക്ഷേ ശങ്കരേട്ടൻ വാങ്ങിയില്ല. രണ്ടു മാസം കഴിഞ്ഞു. രണ്ടുറുപ്പിക സമ്പാദിച്ചു. ഇനി ഇത് അമ്മയ്ക്കെത്തിക്കണം. ശങ്കരേട്ടനെ കാണാൻ വന്ന ഒരു കുറ്റിപ്പുറത്തുകാരന്റെ കയ്യിൽ ഉറുപ്പിക ഏല്പിച്ച് നമ്മുടെ ചെക്കൻ പറഞ്ഞു: 'കുറ്റിപ്പുറത്തെത്തിയ ഉടനെ ഇതമ്മയ്ക്ക് കൊടുക്കണം.' ആവൂ സമാധാനമായി!

കുറ്റിപ്പുറത്തുകാരൻ കൊച്ചിയിലും മറ്റും പോയി രണ്ടാഴ്ച കഴിഞ്ഞേ നാട്ടിലെത്തിയുള്ളൂ. അയാൾ കുട്ടിയുടെ വീട്ടിലേക്കു പുറപ്പെട്ടു. വഴിക്കു വെച്ച് ആരോ പറഞ്ഞു. 'കുറച്ചു വൈകിപ്പോയി! ആ തള്ള ഇന്നലെ മരിച്ചു. വസൂരിയായിരുന്നു.'

അന്നത്തെ വക്കീൽഗുമസ്തൻ കുട്ടിയുടെ അറുപതാം പിറന്നാളാണ് നാമിപ്പോൾ ആഘോഷിക്കുന്നത്. ഇന്ന് എണ്ണപ്പെട്ട കവികളിലൊരാളായി ഉയർന്നു കഴിഞ്ഞ ഇടശ്ശേരി ഗോവിന്ദൻനായർ തന്റെ 'ഇന്നി'നെ ഇപ്പോഴും ആദരാഭിമാനപൂർവ്വം വക്കീൽഗുമസ്തത്തൊഴിൽ കൊണ്ടു തന്നെ പൂജിച്ചു പോരുന്നു. കവിപദപ്രശസ്തി ആശ്ലേഷാഭിനിവേശത്തോടെ അടുക്കാൻ നോക്കുമ്പോൾ തെല്ലൊരു സങ്കോചത്തോടുകൂടി അദ്ദേഹം പിന്നോക്കം വെച്ചു കളയും.

'എനിയ്ക്കുമൊരു മാതുണ്ടായീ പണ്ടെ-
ന്നെ നൃപന്നു കൊടുത്തപ്പോൾ
കിട്ടിയ വിൽക്കാശപ്പടിയെന്നുടെ
കോന്തലയ്ക്കലുടക്കിയവൾ!
അവൾക്കു കുളിരിനു കമ്പിളി നേടി-
പ്പിന്നീടെന്നോ ഞാൻ ചെൽകേ,
ഒരട്ടി മണ്ണു പുതച്ചു കിടപ്പൂ; വീടാക്കടമേ മമ ജന്മം!'
(ബിംബിസാരന്റെ ഇടയൻ)

ഏതായാലും അമ്മയുടെ പുതപ്പിന്റെ കാര്യം അങ്ങനെ കഴിഞ്ഞു. മേലിൽ സ്വന്തം പുതപ്പിന്നു പരിശ്രമിക്കുകയേ വേണ്ടു. അഞ്ചുമാസവും കൂടി ശങ്കരേട്ടന്റെ കീഴിൽ വക്കീൽഗുമസ്ഥൻ പണി പഠിച്ചു. പിന്നെ വക്കീൽ എം. കൃഷ്ണമേനോന്റെ അസിസ്റ്റന്റ് ക്ലാർക്കായി ചേർന്നു. താമസം കൃഷ്ണമേനോന്റെ വീട്ടിൽത്തന്നെ. കൃഷ്ണമേനോൻ ഒരു കോൺഗ്രസ്സുകാരനായിരുന്നു. ഇടശ്ശേരിയും അന്നു മുതൽ ഖദറുടുക്കാൻ തുടങ്ങി.

### ഒരു സുഹൃത്ത്

ആയിടക്കാണ് മാഞ്ഞൂർ പരമേശ്വരൻപിള്ളയുമായി പരിചയപ്പെടാൻ ഇടയായത്. സി.എൻ. നാരായണപിള്ളവക്കീലിന്റെ ഗുമസ്തനാണ് പിള്ള. സഹൃദയനാണ്, നല്ല കവിതയെഴുതുകയും ചെയ്യും. പിള്ളയുമായി ഇടശ്ശേരി വളരെ വേഗത്തിൽ അടുത്തു. കോടതിയിലെ പണിതീർന്നാൽ രണ്ടുപേരും നടക്കാനിറങ്ങും. സംഭാഷണം മിക്കവാറും കവിതയെപ്പറ്റിയാവും. ചിത്രയോഗം, ഉമാകേരളം, രുക്മാംഗദചരിതം, വിജയോദയം, രഘുവംശം തർജ്ജമ, മയൂരസന്ദേശം, സാഹിത്യമഞ്ജരി, ലീല തുടങ്ങിയ കാവ്യങ്ങളും സി.വി.യുടെ നോവലുകളും ഇക്കാലത്താണ് ഇടശ്ശേരി വായിച്ചത്. അന്ന് 'മലയാള മനോരമ'യിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്ന 'കൊച്ചുസീത' ചൂടാറുന്നതിനു മുമ്പു വായിക്കാൻ രണ്ടു പേരും ആലപ്പുഴ ബോട്ടുജെട്ടിയിൽ കാത്തിരുന്നു. ഇരുപേരെയും കോടതിയിൽ സമയത്തിന്നു കാണാതെ കക്ഷികൾ പരിഭ്രമിക്കുകയും ചെയ്തു.

ഒഴിവുസമയത്ത് അക്ഷരശ്ലോകം ചൊല്ലൽ അന്ന് മാഞ്ഞൂരിന്റെയും ഇടശ്ശേരിയുടേയും പ്രധാനവിനോദങ്ങളിലൊന്നായിരുന്നു. ഇതിന്നാവാം ഇടശ്ശേരി അന്ന് പല ശ്ലോകങ്ങളുമെഴുതിയത്. രണ്ടെണ്ണം കുറിയ്ക്കാം:

മട്ടോലും മൊഴിയൊട്ടഴിഞ്ഞ വസനം
പെട്ടെന്നുടുത്തും മുല-
ത്തട്ടിൽ സ്വേദകണം പൊടിഞ്ഞ മൃദു-
മെയ് വാടിത്തളർന്നങ്ങിനെ
മത്തേഭത്തിനൊടൊത്തിടുന്ന നടയും
ചീർത്തോരു മോദത്തെയെ-
ന്നുൾത്താരിന്നു കൊടുത്തിടുന്ന മുഖവും
കാത്തിങ്ങിരിക്കുന്നു ഞാൻ.
ഇച്ചേലുറ്റൊരു നാടകത്തിനുതകും
നാട്യങ്ങളൊക്കെപ്പഠി-
പ്പിച്ചേതൊക്കെയരങ്ങണയ്ക്കിലുമെതിർ-
ച്ചോദ്യങ്ങളില്ലൊന്നിലും
ച്ചേലും മുലമാർക്കു മുമ്പിലിവനെ-
ത്തച്ചേറ്റി മൊച്ചക്കളി-
പ്പിച്ചേല്പിക്കരുതേ മലത്തലവനൻ-
പേറുന്ന പെൺപൈതലേ!
(അപ്രകാശിതം)

പ്രവൃത്തിത്തിരക്കൊഴിഞ്ഞ ഒരു ദിവസം മാഞ്ഞൂർ പരമേശ്വരൻ പിള്ള താനുണ്ടാക്കിയ ഒരഷ്ടകം മുഴുവനാക്കാൻ ശ്രമിക്കുകയായിരുന്നു. എട്ടാമത്തെ ശ്ലോകത്തിന്റെ ആദ്യത്തെ രണ്ടു വരി.

മാരവൈരിയുടെ വാമഭാഗമാർ–
ന്നാരമിപ്പൊരചലാധിപാത്മജേ!

ഇത്രയും എഴുതിയപ്പോഴേക്കും അദ്ദേഹത്തെ വക്കീൽ അടിയന്തരമായി വിളിച്ചു. എഴുതിയേടത്തോളം മുറിയിൽ വെച്ച് മാഞ്ഞൂർ കോടതിയിൽ പോയി. ആ മുറിയിൽ ഇടശ്ശേരി എന്തിനോ ചെന്നപ്പോൾ ആ രണ്ടു വരി കണ്ടു. മേശമേൽ കുനിഞ്ഞു നിന്ന നില്പിൽത്തന്നെ ബാക്കി വരികൾ പൂരിപ്പിച്ചു:

നീരസം മതി, നിമേഷമെന്നിലും൦
നീ രസിക്ക, നിരസിക്ക കാന്തനെ.

എഴുതിച്ചേർത്ത ഉടനെ ഇടശ്ശേരി സ്ഥലം വിട്ടു. മാഞ്ഞൂർ മടങ്ങിവന്നപ്പോൾ തന്റെ അഷ്ടം പൂരിപ്പിച്ചിരിക്കുന്നു! കവിതയുമായി അദ്ദേഹം ഇടശ്ശേരിയുടെ മുറിയിൽ ചെന്നു. കുസൃതിത്തത്തിന് ഇടശ്ശേരിയുടെ ചെവിക്ക് മെല്ലെ ഒരു തിരുമ്മുകൊടുത്തു.

## ഇവിടെയല്ല

ആലപ്പുഴയിലെ ഒരു തോണികളി ഇടശ്ശേരി ഇന്നും ഓർമ്മിക്കുന്നുണ്ട്. ഒരു കക്ഷിയെ അത്യാവശ്യമായി കാണാൻ ഒറ്റക്കു പുറപ്പെട്ടു. പോകുന്ന വഴിയ്ക്കു നന്നെ വീതി കുറഞ്ഞ ഒരു പുഴ കടക്കണം. ഒരു കൊതുമ്പുതോണിയുണ്ട്. കടത്തുകാരനില്ല. യാത്രക്കാർ തന്നെ തുഴഞ്ഞു പോവുകയാണ് പതിവ്. ഇടശ്ശേരി കയറി ഒരു തലയ്ക്കിലിരുന്നു കൈ കൊണ്ടു തുഴഞ്ഞു. കുറച്ചു പോയപ്പോൾ തോണി തിരിഞ്ഞു. മറ്റേ തല പുറപ്പെട്ട ദിക്കിലേക്കു തന്നെ ചെല്ലുകയാണ്. തോണിയുടെ വക്ക് പിടിച്ച് ഇങ്ങേ തലക്കലെത്തി വീണ്ടും തുഴഞ്ഞു. അങ്ങിനെ രണ്ടു മൂന്നു തവണ! അപ്പോഴേക്കും യാത്രക്കാർ അക്കരെ കൂടിത്തുടങ്ങി, ഇടശ്ശേരിയെ ഉപദേശിക്കാനും: 'അങ്ങിനെ തുഴയൂ, ഇങ്ങനെ തുഴയൂ' എന്ന്. ഉപദേശമനുസരിച്ച് തുഴയാൻ തുടങ്ങിയപ്പോൾ തോണി പുഴയുടെ നടുവിലങ്ങനെ നിൽപ്പായി. ഒടുവിൽ ഒരു വിധം എങ്ങനെയോ അക്കരെയെത്തിക്കിട്ടി. അവിടെ നിൽക്കുന്നവർ ചോദിച്ചു: 'കുട്ടിയുടെ നാടേതാ?' 'എവിടെയായലും ഇവിടെയല്ല' എന്നൊരു മറുപടിയോടു കൂടി ഇടശ്ശേരി സ്ഥലം വിട്ടു.

നാവിൽ കുസൃതി വിടാതെ നിൽക്കുമെങ്കിലും പ്രവൃത്തിയിലെപ്പോഴും അതിവിനീതനാണ് ഗോവിന്ദൻ നായർ.

മാഞ്ഞൂർ പരമേശ്വരൻ പിള്ളയും മറ്റൊരു വക്കീൽഗുമസ്തക്കവിയായ അമ്പലപ്പുഴ നാരായണപ്പണിക്കരുമായി സഹവാസം ആരംഭിച്ച കാലത്ത് ഇടശ്ശേരി എഴുതിയ 'ഒരു സാങ്കല്പികപ്രണയകലഹ' ത്തിലെ ഏതാനും വരികൾ കാണിയ്ക്കാം:

നായിക കോപിച്ചിരിക്കുന്നു. നായകന്നു കുലുക്കമില്ല.

കുലുങ്ങിടാത്തന്നില കണ്ടു കോപമോ–
ടലുപ്തമാനഗ്ലപിതാനനാബ്ജയായ്
കിലുങ്ങവേ ഭൂഷകൾ, തേങ്ങൽ തെല്ലിട–
യ്ക്കൊലുമ്പിടും മാറൊടുമേറെ മാഴ്കിനാൾ
തുടുത്തു വീണ്ടും, മിഴി വിട്ടു മയ്യൊലി–
ച്ചിടുന്ന പാടൊത്ത കവിൾത്തടങ്ങളിൽ
അടുത്തു മൽച്ചുണ്ടനുരാഗമുദ്ര കു–
ത്തിടും പണിയ്ക്കാ;യതു പാഴുവേലയായ്.
വരാളകശ്രേണി പതിഞ്ഞു നെറ്റി മേ–
ലരാളമാം ചില്ലി ചുളിച്ചുലച്ചവൾ
നിരാദരം മൽപ്രതിരോധനത്തി,ലാ
മരാളസഞ്ചാരിണി വിട്ടിത സ്ഥലം. (അപ്രകാശിതം)

'ഗോലി കളിക്കേണ്ട കാലത്ത് ശൃംഗാരശ്ലോകത്തിലായിരുന്നു വാസന, ശൃംഗരിക്കേണ്ട കാലത്ത് വേദാന്തത്തിലും,' ഇടശ്ശേരി പറയാറുണ്ട്.

എട്ടു കൊല്ലം ആലപ്പുഴയിൽ വക്കീൽ ഗുമസ്തൻപണി നോക്കിയ ശേഷം ഇടശ്ശേരി 1929 – ൽ കോഴിക്കോട്ട് വന്ന് വക്കീൽ തലാശ്ശേരി കുഞ്ഞിരാമമേനോന്റെ ഗുമസ്തനായി. അപ്പോഴും പരസ്യമായിക്കഴിഞ്ഞിട്ടില്ലാത്ത കവിതയെഴുത്ത് തുടർന്നു പോന്നു. അക്കാലത്തെഴുതിയതും പ്രസിദ്ധപ്പെടുത്താത്തതുമായ 'ലത', 'സാന്ത്വനം' എന്നീ കവിതകളിലെ ഓരോ ശ്ലോകം ഇവിടെ ഉദ്ധരിക്കാം. ഇടശ്ശേരിക്കവിതയുടെ മട്ട് പതുക്കെ മാറുകയായിരുന്നുവെന്ന് ഇവയിൽ നിന്ന് മനസ്സിലാകും.

നിരയനിര നിരന്തരം വലയ്ക്കും
നരനെ യഥാവിധി സല്ക്കരിക്കുവാനോ
സുരനഗരിയലങ്കരിച്ചിടേണ്ടും
വരലതികേ, ജനിയാർന്നു നീ ജഗത്തിൽ
(ലത).

അലം തുടുപ്പാർന്നു കവിൾത്തടം–
അലക്തകം പോലെ കലങ്ങി കണ്ണുകൾ
അലംഘ്യമാം കർമ്മവിപാകമായതാ–
കുലം നിനച്ചിങ്ങിനെ മാഴ്കിടായ്ക നീ.
(സാന്ത്വനം)

കുഞ്ഞിരാമൻമേനോന്റെ ഗുമസ്തനായി ഇടശ്ശേരി ഒരു കൊല്ലം കോഴിക്കോട്ടു കഴിച്ചുകൂട്ടി. 'അവിടെ വേദാന്തപരമായ അന്തരീക്ഷമൊക്കെയുണ്ടായിരുന്നു. വേണമെങ്കിൽ നന്നാവാമായിരുന്നു. പക്ഷേ ഞാനക്കാലത്ത് പ്രാപഞ്ചികനാവാൻ കിണഞ്ഞ് പരിശ്രമിക്കുകയായിരുന്നു.' എന്നാണ് ഇടശ്ശേരി ആ അന്തരീക്ഷത്തെപ്പറ്റി പറയുന്നത്.

വക്കീൽഗുമസ്തപ്പണി മടുത്ത് സിംഗപ്പൂർക്ക് പോയിക്കളയാമെന്ന് തീർച്ചപ്പെടുത്തി. ആ വഴിക്ക് നന്നാവാനിടയുണ്ടായിരുന്നു. കൊണ്ടു പോകാൻ ആളുമുണ്ടായിരുന്നു. എല്ലാം ശരിയായി. പക്ഷേ, ഈശ്വരൻ ഇടങ്കോലിട്ടു. കൊണ്ടു പോകാമെന്ന് ഏറ്റ മനുഷ്യൻ പെട്ടെന്ന് മരിച്ചു. അങ്ങിനെ യാത്ര മുടങ്ങി. നിന്നേടത്തു

നിന്ന് കോഴിക്കോട്ടെ ഗുമസ്തപ്പണിയിലേക്ക് തിരിച്ചു പോകാനൊട്ടു തോന്നിയതുമില്ല. നേരെ കുറ്റിപ്പുറത്തു വന്ന് ഒരു കൊല്ലം കഴിച്ചു കൂട്ടി. അക്കാലത്ത് ഒന്നും ചെയ്തില്ലെന്നു പറഞ്ഞുകൂടാ. ശീട്ടും ചതുരംഗവും പൊടിപാറിക്കളിച്ചു. ആ കളികളിൽ നേടിയ വൈദഗ്ദ്ധ്യം ഭക്ഷണം നേടിക്കൊടുക്കാൻ കൊള്ളുന്നതല്ലായിരുന്നുവെന്നുമാത്രം.

## പാറവക്കീൽ

വക്കീൽഗുമസ്തപ്പണിയിലേക്കു തന്നെ തിരിച്ചു പോയാലെന്താ? ഒടുവിൽ, പൊന്നാനി വന്ന് അഡ്വക്കേറ്റ് കെ. ശങ്കരമേനോന്റെ ക്ലാർക്കായി രണ്ടു കൊല്ലം നിന്നു. അതു കൊണ്ട് മേൽവിലാസമുണ്ടായി എന്നല്ലാതെ സമ്പാദ്യമുണ്ടായി എന്നർത്ഥമില്ല. അവിടെ നിന്ന് വിട്ട് 'പാറവക്കീ'ലായി പഞ്ചായത്തു കോടതികളിൽ പ്രാക്ടീസ് തുടങ്ങി. ആ പാറയിന്മേലും പച്ചപ്പൊന്നും തഴച്ചു വന്നില്ല. ഒടുവിൽ ഒരിയ്ക്കലും വിട്ട പോവുകയില്ലെന്നുള്ള നിശ്ചയത്തോടെ 1934–ൽ വക്കീൽ ശ്രീ കെ.വി. രാമൻ മേനോന്റെ ഗുമസ്തനായിക്കൂടി. ഇന്നും അതു തുടരുന്നു. വി.ടി.യുടെ ഭാഷയിൽ പറഞ്ഞാൽ, ശാകുന്തളത്തിലെ ദുഷ്യന്തന്റെയും മാനിന്റേയുമിടയ്ക്കുള്ള സൂതനെപ്പോലെ, കോടതിയുടേയും കക്ഷികളുടേയും ഇടക്ക് ഇടശ്ശേരി ഇന്നും കടിഞ്ഞാൺ പിടിച്ചു നിൽക്കുന്നു, കോടതിക്കും കക്ഷികൾക്കും എന്നും പ്രിയംകരനായിട്ട്.

## സുഹൃത്സംഘം

പൊന്നാനി വെച്ച് ആദ്യ കാലത്തു തന്നെ ഇ. നാരായണൻ, പി.സി. കുട്ടികൃഷ്ണൻ, ഇടക്കണ്ടി രാഘവൻ നായർ, എൻ.പി. ദാമോദരൻ, കെ. കുഞ്ഞികൃഷ്ണൻ, പി. നാരായണൻ വൈദ്യർ, ഇ.പി. സുമിത്രൻ എന്നിവരുമായി ഇടശ്ശേരി പരിചയപ്പെട്ടു. ദാമോദരന്റെയും രാഘവൻ നായരുടേയും സുഹൃത്തും സഹപ്രവർത്തകനുമായ പറേരിക്കൽ കൃഷ്ണപ്പണിക്കരും ഈ കൂട്ടത്തിൽ ചേർന്നു.

ഇത്രയും പേർ ഒരു ഞായറാഴ്ചസ്സംഘമായി മാറി. 'സൊറസമാജം' എന്നും വിളിക്കാം. കവിതയും സാഹിത്യവും മാത്രമല്ല, രാഷ്ട്രീയവും സാമൂഹ്യവും ശാസ്ത്രീയവും തത്വജ്ഞാനപരവുമായ എല്ലാം ചർച്ചചെയ്യപ്പെടാറുണ്ട്. ഈ സമാജത്തിന്, ആദ്യകാലത്ത് വിശേഷിച്ചും, എൻ.പി. ദാമോദരൻ 'ഉപയോഗമുള്ള ഒരു ഹെഡ്മാസ്റ്ററായി'രുന്നുവെന്ന് ഇടശ്ശേരി അനുസ്മരിക്കുന്നു.

ഇതിലിടക്ക് ഒന്നു കൂടി സംഭവിച്ചു. കലാമണ്ഡലത്തിലുണ്ടായിരുന്ന ഒരു ചെറിയ ഉദ്യോഗം കൈമോശം വന്നു, കുട്ടികൃഷ്ണമാരാർ പൊന്നാനിയിൽ താമസമാക്കിയതോടെ, ഞായറാഴ്ചസ്സംഘം ഏതാണ്ട് സായാഹ്നസംഘമായി വളർന്നു. ഇടശ്ശേരി, ഇ. നാരായണൻ, പി.സി. കുട്ടികൃഷ്ണൻ, ഇ.പി. സുമിത്രൻ, ഇ. കുമാരൻ, എ.സി. നാരായണൻ വൈദ്യർ, കെ.വി. പത്മനാഭൻ തുടങ്ങി അന്ന് മുതിർന്നവരും കൊച്ചന്മാരുമായിരുന്ന പലരും ആ സംഘത്തിലെ അംഗങ്ങളായി. അക്കാലത്തു നടന്ന സുദീർഘങ്ങളും അഗാധങ്ങളും ബഹുമുഖങ്ങളുമായ ചർച്ചകൾ തനിക്ക് അളവറ്റ ഗുണം ചെയ്തവയാണെന്ന് ഇടശ്ശേരി പറയാറുണ്ട്. 'ഏതെങ്കിലും പുസ്തകത്തേയോ ഗ്രന്ഥകർത്താവിനേയോ വലുതാക്കണമെന്നോ ചെറുതാക്കണമെന്നോ ഞങ്ങൾക്കുണ്ടായിരുന്നില്ല. തുറന്ന മനസ്സോടെ സമീപിയ്ക്കുകയായിരുന്നു. ആർക്കും ആരുടെ അഭിപ്രായത്തേയും എതിർക്കാം, അനുകൂലിക്കാം. ഈ അധികാരങ്ങൾ ഉപയോഗപ്പെടുത്താൻ ആരും മടിച്ചിട്ടുമില്ല.'

'നിയമാവലികളോ നടപടിക്രമങ്ങളോ, ഗുരുവോ ശിഷ്യനോ ഇല്ലാതിരുന്ന ആ സുഹൃൽസംഘത്തിൽ ആരും ആരേയും പഠിപ്പിക്കാൻ ശ്രമിച്ചില്ല. എന്നിട്ടും, എന്തോ, അതു കൊണ്ട്, എല്ലാവരും എന്തെങ്കിലുമൊക്കെ മനസ്സിലാക്കുകയും പ്രവർത്തിക്കുകയും ചെയ്തു'വെന്നാണ് ഇടശ്ശേരി പറയുക.

വി. ടി. ഭട്ടതിരിപ്പാടിനെ യാദൃച്ഛികമായി കോടതിമുറിയിൽ വെച്ചാണ് ഇടശ്ശേരിക്ക് പരിചിതമായത്. ആ പരിചയം വളർന്നു വന്നു. ഓരോ നിലക്ക് ശക്തന്മാരായ ഇരുവരും പരസ്പരം ശക്തി പ്രസരിപ്പിച്ചു കൊടുത്തു കൊണ്ട് ആത്മമിത്രത്വത്തിലെത്തിച്ചേർന്നിരിക്കുകയാണ്. പരസ്പരം അഭിപ്രായഭേദങ്ങളുണ്ട്. പരസ്പരം വഴങ്ങിക്കൊടുക്കുകയില്ല, വെട്ടി മുറിച്ചാലും അവർ തമ്മിൽ വേറിടുകയുമില്ല. ഈ അസുലഭ ബന്ധത്തെപ്പറ്റി പറയാത്ത ഈ ജീവിതകഥ പൂർണ്ണമാകുക വയ്യ.

## വായനശാല

ഇതിലിടക്കാണ് കള്ളുഷാപ്പ് പിക്കറ്റിങ്ങിന്റേയും ലാത്തിയുടേയും ജയിലിന്റേയും മറ്റും മുക്കിപ്പിഴിച്ചിലും ധാരയും കൊണ്ട് ചുമച്ച് ചുമച്ച് പറേരിക്കൽ കൃഷ്ണപ്പണിക്കർ മരിച്ചത്. 1935–ൽ ഇടശ്ശേരിയും ഏ.സി. നാരായണൻ വൈദ്യരും മുൻനിന്ന് സ്ഥാപിച്ച കൃഷ്ണപ്പണിക്കർ സ്മാരകവായനശാലയും കലാസമിതിയും ഇന്നും സജീവമായി നടന്നു വരുന്നു. ഈ വായനശാലയുടെ ചരിത്രം ഇടശ്ശേരിയുടെ ചരിത്രത്തിന്റെ ഒരു ഭാഗമായതുകൊണ്ട് സ്വല്പം ചിലതുകൂടി പറഞ്ഞു കൊള്ളട്ടെ. ദേശീയപ്രസ്ഥാനകാലത്ത് ആരംഭിച്ച ആ വായനശാല ദേശീയപ്രസ്ഥാനത്തോട് അനുബന്ധിച്ച് പൊന്നാനിയിൽ നടന്നിട്ടുള്ള എല്ലാ പ്രവർത്തനങ്ങളിലും യുവചൈതന്യത്തിന്റെ നടുക്കുറ്റിയായി നിന്നിട്ടുണ്ട്. ആ പ്രവൃത്തികളടെയെല്ലാം അണിയറസ്സംവിധായകത്വം സ്വാഭാവികമായി ഇടശ്ശേരിയിൽ വന്നു പെട്ട ഘട്ടങ്ങളും ധാരാളമാണ്. അയിത്തോച്ചാടനജാഥകൾ സംഘടിപ്പിക്കാനും രാഷ്ട്രീയപ്രചരണ യോഗങ്ങൾക്ക് കളമൊരുക്കാനും വ്യക്തിസത്യാഗ്രഹിയെ പുറപ്പെടുവിച്ചയക്കാനും 1942–ലെ രഹസ്യവും പരസ്യവുമായ രാഷ്ട്രീയപ്രവർത്തനങ്ങളിൽ പങ്കെടുക്കാനും സഹായിക്കാനും അന്ന് അത്രയൊന്നും സുരക്ഷിതമല്ലാതിരുന്ന രാഷ്ട്രീയപ്രവർത്തകർക്ക് താൽക്കാലിക സങ്കേതങ്ങൾ ഏർപ്പെടുത്തി ക്കൊടുക്കാനും ഉല്പതിഷ്ണത്വത്തോടു കൂടിയ ഏതു പ്രവൃത്തിയിലും കൂട്ടു ചേരാനും സാംസ്കാരിക രംഗത്ത് രചനാത്മകമായി യത്നിക്കാനുമൊക്കെയുള്ള ഉത്തരവാദിത്വം, ആരുടെ പ്രേരണകൊണ്ടുമല്ല, ആ വായനശാലയിലെ അംഗങ്ങൾ എന്നും ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെയൊക്കെ പിന്നിലെ പ്രേരണാശക്തി ഇടശ്ശേരിയായിരുന്നു എന്നു പറഞ്ഞാൽ ഇടശ്ശേരിയൊഴികെ എല്ലാവരും സമ്മതിക്കും. ലാഭകരമല്ലാത്ത ചിലതിന്നു കൂടി വേണ്ടി ആത്മാർപ്പണബുദ്ധിയോടെ യത്നിക്കുന്നത് രസകരമായ പണിയാണെന്ന് ബോധപ്പെടുത്തുന്ന ഒരു ചെറുസംഘത്തെ എന്നും ഈ വായനശാലയ്ക്ക് ചുറ്റും നില നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ആ പാരമ്പര്യം ഈ കാലഘട്ടത്തിൽപ്പോലും നശിക്കാതിരിക്കുന്നുവെന്നത് ആശയ്ക്കു വഴി നൽകുന്ന ഒന്നാണ്.വാസ്തവത്തിൽ അതൊരു വായനശാലയാണോ? അതെ, പിന്നെ ചിലതു കൂടിയാണെന്നു തോന്നുന്നു. പൊതുപ്രവർത്തനകേന്ദ്രം, കലാകേന്ദ്രം, കളരി മറ്റും മറ്റും. ഈ കളരിയിൽ നിന്ന് അനേകം പേർ ശിക്ഷണം കഴിച്ചു പോയിട്ടുണ്ട്. ശക്തിയുടെ കവിയായ ഇടശ്ശേരി, കവിതയെഴുതുമ്പോൾ ധിക്കാരത്തോടു കൂടി കൂവുന്ന ഒരു പൂവൻകോഴിയാണെങ്കിലും സാഹിത്യക്കളരിയെ സംബന്ധിച്ചിടത്തോളം ഒരു പിടക്കോഴിയാണ്. ആ ചിറകിന്റെ തണലിൽ വളർന്നു വലുതായി ഇരയും കൊത്തിത്തിന്നു കൊണ്ട്

കേരളത്തിന്റെയും ഇന്ത്യയുടേയും പല ഭാഗത്തേക്കും പോയവർ ധാരാളമാണ്. അക്കിത്തവും കടവനാട് കുട്ടികൃഷ്ണനും മറ്റും രണ്ടാം പന്തിക്ക് വന്ന് പയറ്റിത്തെളിഞ്ഞു പോയവരാണ്. ഇന്നും ആ ചിറകിന്നുള്ളിൽ ഒളിഞ്ഞിരിക്കുന്ന കുഞ്ഞുങ്ങളുണ്ട്.

## നാടകങ്ങൾ

കവിതയ്ക്കു പുറമെ 'കൂട്ടുകൃഷി', 'തിരിച്ചെത്തൽ', 'ഓമനേ, നീയെന്റെ സ്വത്താണ്' 'പൊടി പൊടിച്ച സമ്മന്തം', 'രണ്ടും ഒന്നു തന്നെ', 'ചാലിയത്തി', 'ഞെട്ടിയിൽ പടരാത്ത മുല്ല' 'കളിയും ചിരിയും' തുടങ്ങിയ പല നല്ല നാടകങ്ങളും ഇടശ്ശേരി എഴുതിയിട്ടുണ്ട്. നാടകങ്ങളിലെ അഭിനേതാക്കൾ പ്രധാനമായും ഇടശ്ശേരിയുടെ പൊന്നാനിശിഷ്യന്മാർ തന്നെ. എന്നല്ല, ഞങ്ങൾക്കു വേണ്ടിയാണ് ഇടശ്ശേരി നാടകമെഴുതുന്നതെന്നാണ് ഞങ്ങളുടെ മേനി. ഞങ്ങളാണ് അവ കളിച്ചു നാടകമാക്കുന്നതെന്നാണ് ഇടശ്ശേരി എഴുതുന്ന നുണ. ഇടശ്ശേരി സ്ഥിരം പ്രോപ്ടറാണ്. പ്രോപ്ട് ചെയ്യുന്നിടത്തു നിന്ന് ഒരിക്കൽ ധൃതിയിൽ 'കൂട്ടുകൃഷി'യിലെ പറങ്ങോടൻ നായരായി അദ്ദേഹം രംഗത്തു വന്നു, മൂക്കത്തു കണ്ണടയും കയ്യിൽ കൂട്ടികൃഷി പുസ്തകവുമായിട്ട്. മുടിങ്കോലവും കയറുമാണ് പറങ്ങോടൻ നായർക്ക് വേണ്ടത്. പറങ്ങോടൻ നായരുടെ മൈലൻ മൂരിയെ കാണാതെ പരിഭ്രമം ശരിയ്ക്കും അന്നാണ് നടനിൽ പ്രത്യക്ഷപ്പെട്ടു കണ്ടത്!

## കുടുംബം

1113 മകരം 2-ാം നു ഇടശ്ശേരി ഗോവിന്ദൻ നായരും ഇടക്കണ്ടി ജാനകിയമ്മയും വിവാഹബന്ധത്തിലേർപ്പെട്ടു. ഇവർക്ക് പതിനൊന്ന് കുട്ടികളുണ്ടായി. ഇതിൽ മൂന്നു പേർ മരിച്ചുപോയി.

സ്കൂളിൽ പഠിക്കുമ്പോൾത്തന്നെ കവിതയുടെ 'ഉപദ്രവം' അല്പസ്വല്പമുണ്ടായിരുന്ന ജാനകിയമ്മ 'ഏകാന്തപന്ഥാവ്', 'കണ്ണുനീർ', 'ഫലാപചയം'(ടാഗോർ) തുടങ്ങിയ കവിതകളും ഒട്ടേറെ ചെറുകഥകളും മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഉൽബുദ്ധകേരളം, അരുണ എന്നിവയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, പതുക്കെപ്പതുക്കെ, മനുഷ്യാത്മാക്കളെ വളർത്തിയെടുക്കുന്നതാണ് ഏറ്റവും നല്ല കവിതാരചന എന്ന് മനസ്സിലാക്കി അവർ അതിൽ തികച്ചും സംതൃപ്തി കൊണ്ടിരിക്കുന്നു.പകർപ്പെഴുത്ത്

വള്ളത്തോൾ, ഉള്ളൂർ, കുമാരനാശാൻ, നാലപ്പാട്, കേരളവർമ്മ കോയിത്തമ്പുരാൻ, കണ്ടൂർ നാരായണമേനോൻ തുടങ്ങിയ ഒട്ടേറെ മഹാരഥന്മാരുടെ കവിതാസമാഹാരങ്ങൾ ഇടശ്ശേരി വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം വെവ്വേറെ കയ്യെഴുത്തുകോപ്പികളുമുണ്ട്. ഇടശ്ശേരിയും ഭാര്യയും കൂടി പകർത്തിയെഴുതിയവ. പുസ്തകമുള്ളപ്പോൾ എന്തിനാണ് ഈ അറുമടുപ്പൻ പകർപ്പെഴുത്ത് എന്നു ചോദിച്ചാൽ ഇടശ്ശേരി പറയും. 'അതൊരു തരം കമ്പമാണ്, കവിതയോടുള്ള അബോധപൂർവ്വമായ കമ്പം.'

സാത്വികനായ ഇടശ്ശേരിക്കും ഇടയ്ക്ക് ശുണ്ഠിവരും. പക്ഷേ അതൊരിക്കലും പത്തിവിരുത്തിയ ശുണ്ഠിയാവില്ല. ജാനകിയമ്മയോടാവുമ്പോൾ അതൊരു മുഖം വീർപ്പിക്കലിൽ കലാശിക്കും.

പരസ്പരം ഞങ്ങൾ മുഷിഞ്ഞിരുന്നിത
ന്നൊരക്ഷരം പോലുമുരച്ചതില്ലവൾ
സുരമ്യമാം ചെഞ്ചൊടി ചേർന്നു സുസ്മിത-
സഫുരന്മനോഹാരിത ലാലസിക്കിലും
'കടന്നു കയ്ക്കൊണ്ടൊരു മാനമാദ്യമായ്
വിടട്ടെയിമ്മാനിനി തന്നെയെന്നു ഞാൻ
ഇടയ്ക്കു ചേതസ്സു തടുക്കിലും, കുറ-
ച്ചിടയ്ക്കു പൂണ്ടേനൊരു ഭാവഗൗരവം'!
(അപ്രകാശിതം)

ജീവിതത്തിൽ ഒരു മൂന്നേമുക്കാൽ നാഴിക നേരമൊഴിച്ചാൽ ഇടശ്ശേരി ഇന്നോളവും നിരീശ്വരവാദിയായിട്ടില്ല. 'പള്ളിച്ചൂണ്ടൽ' എന്ന കൃതിയുടെ പ്രമേയം സ്വാനുഭവമല്ലേ എന്നു സംശയിക്കുന്നു. 'ഒരിക്കൽ കഥാനായകന്റെ കുട്ടിക്കു ദീനം പിടിച്ചു. എന്തു ചികിത്സ ചെയ്തിട്ടും ഭേദമില്ല. മച്ചിൽ ഏതോ ഒരീശ്വരന്റെ വിഗ്രഹമുണ്ട്. കഥാനായകൻ നട തുറന്ന് ഉള്ളുരുകിയ ഒരു പ്രാർത്ഥന പ്രാർത്ഥിച്ചു. എന്റെ കുട്ടിയെ രക്ഷിക്കണേ! ഏറെ താമസമുണ്ടായില്ല, കുട്ടി മടിയിൽ കിടന്നു മരിച്ചു. കുട്ടിയെ കണ്ണീരൊലിമുഖത്തോടെ മെല്ലെ നിലത്തു കിടത്തി കൊടുങ്കാറ്റു പോലെ മച്ചിലേക്കു പറന്നതും ആ വിഗ്രഹം കുപ്പയിലെത്തിയതും ഒരടിക്കു കഴിഞ്ഞു. കുട്ടിയെ മറ ചെയ്ത് മടങ്ങിവന്നപ്പോൾ അദ്ദേഹത്തിന്നു തോന്നി വിഗ്രഹമർദ്ദനം വേണ്ടിയിരുന്നില്ല എന്ന്, വേഗം ചെന്ന് കുപ്പയിൽ കിടന്നിരുന്ന ഈശ്വരക്കുട്ടിയെ എടുത്തു കുളിപ്പിച്ചു തോർത്തി മച്ചിൽ തന്നെ വെച്ച് പൂജിച്ചിരുത്തി'- ഈ കവിത സുപ്രസിദ്ധമാണല്ലൊ.

## ബഹുമതികൾ

'കൂട്ടുകൃഷി' നാടകത്തിന്നും 'പുത്തൻകലവും അരിവാളും' എന്ന കവിതാസമഹാരത്തിന്നും ഇടശ്ശേരിയ്ക്കു മദിരാശി ഗവർമ്മെണ്ടിൽ നിന്ന് അവാർഡ് കിട്ടി. 'കാവിലെ പാട്ട്' എന്ന കവിത റിപ്പബ്ലിക് ദിനം സംബന്ധിച്ച് ദൽഹിയിൽ ചേർന്ന കവി സമ്മേളനത്തിൽ വായിച്ചതാണ്. ഇതിന്നു ദൽഹിക്കുപോയ ഇടശ്ശേരി കാശി, ഗയ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചശേഷം കൽക്കയ്ക്കു പോയി. കൽക്കത്തയ്ക്കു വരുന്നുവെന്ന് മകന്നു കമ്പിയടിച്ചതല്ലാതെ ഏതു ദിവസം ഏതു വണ്ടിയ്ക്ക് എന്നൊന്നും അറിയിച്ചിരുന്നില്ല. കമ്പി കിട്ടിയ അന്ന് ദൽഹി - കൽക്കത്ത വണ്ടിക്കു സുഹൃത്തുക്കളും മകൻ ഹരികുമാരനും ഹൗറാസ്റ്റേഷനിൽ കാത്തു. ഇടശ്ശേരിയില്ല. പിറ്റേന്നു മുതൽ അവർ ഹൗറാസ്റ്റേഷനിലെത്തുന്ന എല്ലാ വണ്ടിക്കും കാവലായി. എന്നിട്ടും ഇടശ്ശേരി വരുന്നില്ല. ഇനി വിവരം വരട്ടെ എന്നുകരുതി അവരിൽ പലരും പിന്മാറി. അതിന്റെ പിറ്റേ ദിവസം ഇടശ്ശേരി എത്തി. സ്റ്റേഷനിലെ ആൾത്തിരക്കിന്നിടയിൽ പരിചയമുള്ള ഒരു മുഖവുമില്ല. കൽക്കത്തയിൽ നടാടെ വരുകയാണ്. പരിഭ്രമമായി. അപ്പോഴുണ്ട് ദൂരെ നിന്ന് ഒരു വിളി. 'അച്ഛാ!'മകൻ ഹരികുമാരൻ ഓടിയെത്തി. ഒരു മകനെ കണ്ട കൗതുകം അന്നാണത്രെ ഇടശ്ശേരിക്ക് ഏറ്റവും അധികം അനുഭവപ്പെടുന്നത്! ആ ആഹ്ലാദത്തരിപ്പ് ഇന്നും ഇടശ്ശേരിയെ വിട്ടിട്ടില്ല. ഇത്രയും പരിഭ്രമം കാണിക്കുന്ന ഇടശ്ശേരി കുടുംബകാര്യത്തിലും കക്ഷികളുടെ കാര്യത്തിലും കാണിക്കുന്ന കണിശം കാണുമ്പോൾ ആ വൈരുദ്ധ്യത്തെക്കുറിച്ച് അത്ഭുതപ്പെടാതെ വയ്യ.

സ്വന്തം പരിശ്രമം കൊണ്ടുതന്നെ ഇടശ്ശേരി ഇംഗ്ലീഷിലും സംസ്കൃതത്തിലും സാമാന്യം പരിജ്ഞാനം നേടിയിട്ടുണ്ട്, എട്ടാംതരെ വരെ മാത്രമെ പഠിച്ചിട്ടുള്ളുവെങ്കിലും. എന്നല്ല കുറേക്കാലം സംസ്കൃതം പഠിച്ച ഒരു സാഹിത്യശിഷ്യന്ന് ഈ പണ്ഡിതനായ ഗുരു വേണം പലപ്പോഴും ഹർഷന്റേയും മാഘന്റേയും

ശ്ലോകങ്ങളുടെ ശരിയ്ക്കുള്ള അർത്ഥം പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാൻ. ഒന്നു കൂടി. ഈ എട്ടാം തരക്കാരൻ ടെന്നിസിന്റെയും ലോങ്ങ്ഫെല്ലോവിന്റെയും വേഡ്സ്വർത്തിന്റേയും മറ്റും കവിതകൾ നന്നായി തർജ്ജമ ചെയ്തിട്ടുണ്ട്. അതൊക്കെ കയ്യബദ്ധം പറ്റിയതാണേ എന്നൊരു മുഖഭാവമാണ്, പക്ഷേ അദ്ദേഹത്തിന്ന്.

ഇടശ്ശേരിക്കളത്തിൽ കുഞ്ചുകുട്ടിയമ്മയാണ് ഇടശ്ശേരിയുടെ അമ്മ, അച്ഛൻ സാൾട്ട് ശിപായി തലശ്ശേരിക്കാരൻ പി. കൃഷ്ണക്കുറുപ്പും. ഇടശ്ശേരിയുടെ പതിന്നാലാം വയസ്സിൽ അച്ഛൻ മരിച്ചു. കുഞ്ചുകുട്ടി അമ്മ ആറു പെറ്റു. ഒടുവിലത്തെ മകനാണ് ഗോവിന്ദൻനായർ.

പന്ത്രണ്ടാമത്തെ വയസ്സിൽ തന്നെ കവിതയെഴുത്തു തുടങ്ങിയിരുന്നു. വീട്ടിൽ ഇതിന്നു പറ്റിയ അന്തരീക്ഷമുണ്ടായിരുന്നുവെന്നാണ് ഇടശ്ശേരി പറയാറ്. അമ്മയുടെ രാമായണം വായന, ജ്യേഷ്ഠത്തി കുമ്മിണിയുടെ പുരാണകഥാപാരായണം, അക്ഷരശ്ലോകം ചൊല്ലൽ, സ്ക്കൂളിലെ മലയാളവിദ്വാൻ പി. ശങ്കുണ്ണിമേനോന്റെ ശ്രുതിമധുരമായ കവിത ചൊല്ലൽ, അല്പാല്പം കവിതയെഴുതിയിരുന്ന ആറാം തരത്തിലെ വിദ്യാർത്ഥി അയ്യപ്പുവിന്റെ കൂട്ടുകെട്ട്, വെൺമണികൃതികളുടെ രഹസ്യവായന, സർവ്വോപരി ഇടശ്ശേരിക്ക് ഇതിലെല്ലാം ഉണ്ടായിരുന്ന ശ്രദ്ധ – ഇവയെല്ലാമാണ് ആ അന്തരീക്ഷസൃഷ്ടിയുടെ കൂട്ട് എന്നു തോന്നുന്നു.

ഏഴാം വയസ്സിൽ ഇടശ്ശേരി ശങ്കരാചാര്യരെ കണ്ടിട്ടുണ്ട്! ഏതോ ഒരു ശങ്കരാചാര്യരും സംഘവും കുറ്റിപ്പുറത്തൂടെ പദയാത്ര നടത്തുന്നുണ്ടെന്ന് കേട്ട് അതു കാണാൻ മറ്റു കുട്ടികളോടൊപ്പം ഇടശ്ശേരിയും പോയി. സംഘത്തിൽ സാമാനങ്ങൾ പേറുന്ന വലിയ ഒരു ഒട്ടകവുമുണ്ടായിരുന്നു. ശങ്കരാചാര്യരെ ഇടശ്ശേരി നോക്കിക്കണ്ടു. മടങ്ങിവന്ന് അമ്മയോടു പറഞ്ഞു. 'അമ്മേ, ശങ്കരാചാര്യർ എന്തു വലിപ്പമാണെന്നോ! നാലു കാലും മുതുകിലൊരു കൂനുമുണ്ട്.'വിനോബാ

അന്നു ശങ്കരാചാര്യരെ കണ്ട 'പുണ്യം' കുറേ കൊല്ലങ്ങൾക്കു ശേഷം വിനോബാജിയെ കണ്ടപ്പോൾ നീങ്ങിപ്പോയെന്നാണ് ഇടശ്ശേരി പറയുന്നത്. വിനോബാജി പൊന്നാനി വന്ന അവസരത്തിൽ ഇടശ്ശേരിക്കൊരു കൂടിക്കാഴ്ച അനുവദിച്ചു. താനെഴുതിയ പുസ്തകങ്ങളുമായി ചെന്ന ഇടശ്ശേരിയെ വിനോബാജി സ്നേഹപൂർവ്വം വിളിച്ച് അടുത്തിരുത്തി. ഇടശ്ശേരി പുസ്തകങ്ങൾ വിനോബാജിയുടെ കാൽക്കൽ വെച്ചു. അതിൽ നിന്ന് ഒരു പദ്യപുസ്തകമെടുത്ത് മറിച്ചു നോക്കി വിനോബാജി മലയാളത്തിൽ ചോദിച്ചു. 'അങ്കണം – എന്താ അർത്ഥം?' ഇടശ്ശേരി പറഞ്ഞു: 'വീടിന്റെ മുറ്റം എന്നാണ് ഉദ്ദേശിച്ചത്.' വസ്തുവിന്റെ പട്ടയം ദരിദ്രനാരായണന്മാരുടെ പേരിൽ പുതുക്കിയെഴുതിക്കുന്ന കർമ്മയോഗി എന്നാണ് വിനോബാജിയെ പിന്നൊരിക്കൽ അദ്ദേഹം വിശേഷിപ്പിച്ചത്.

ഒരു പന്തീരാണ്ടിന്ന് മുമ്പ് മറ്റൊരു ഷഷ്ടിപൂർത്തിക്കുവേണ്ടി ഇടശ്ശേരി എഴുതിയതും പ്രസിദ്ധപ്പെടുത്താത്തതുമായ 'എന്റെ നേതാവ്' എന്ന കവിതയിലെ ഒരു ഭാഗം ഇവിടെ ചേർക്കുന്നത് സന്ദർഭോചിതമാവുമെന്നു തോന്നുന്നു.'നിശ്ചലം നില കൊൾവൂ രണ്ടാളിമ്മലനാട്ടിൽ

നിത്യയൗവനമോടുമേതെതിർപ്പിനും നേരെ,
കടലും കടന്നെത്തും മാരിക്കാറ്റിന്നും ബലോ–
ത്ഭടമാം സാമ്രാജ്യത്വത്തിനുമേ മാറിട്ടവർ,
നരച്ചു പാടേ സഹ്യൻ കന്നിവെൺ മുകിലാലേ
തികച്ചും വിജയിപ്പൂ പൂകളാൽ ശ്രീ കേളപ്പൻ!
വീരതയ്ക്കൊതേനനും ചന്തുവുമുണ്ടേ, ദൃഢ–
ധീരമാം ദേശസ്നേഹത്തിനു കേരളവർമ്മൻ
കേരളചരിത്രത്തിൽ ധർമ്മത്തിൻ പേരിൽപ്പട–
വാളിളക്കിയതൊരേ യോധനീ ശ്രീ കേളപ്പൻ!
രാഷ്ട്രീയതത്വങ്ങളിന്നുയരും, നാളെത്താഴും,
രാഷ്ട്രീയസത്യങ്ങളോ നില നിൽക്കുന്നൂ നിത്യം.
ആ മണിപ്പെരുമ്പാറ മേലല്ലോ പണിചെയ്ത–
തീ മഹാൻ തനതഗ്ര്യരാഷ്ട്രീനേതൃത്വത്തെ.
ഭരണമണിത്തേരിലെഴുന്നള്ളത്തിന്നല്ലോ
തുറുങ്കിൽ കിടന്നേറെ തപിച്ചോർക്കത്യുത്സാഹം,
വായ്പൊടും നായാടിയെ മർത്ത്യനാക്കീടാനൊരാൾ
കാപ്പു കെട്ടിക്കൊണ്ടെങ്ങും തെണ്ടുന്നൂ – ശ്രീ കേളപ്പൻ!'

ഗാന്ധിതത്വത്തിൽ തികച്ചും വിശ്വസിക്കുന്ന ഇടശ്ശേരിക്ക് കേളപ്പജിയോട് ഇത്തരം ഒരാദരാതിശയമുണ്ടായത് സ്വാഭാവികമാണെന്ന് തോന്നാം. അതു മാത്രമല്ല കാരണം. തങ്ങളുടെ വീടു പണി കഴിഞ്ഞില്ല എന്നു രണ്ടുപേരും ഉറച്ചു വിശ്വസിക്കുന്നതാണെന്ന് തോന്നുന്നു. ഒടുക്കത്തെ വരികൾ ശ്രദ്ധിക്കുക. പുറമെ പരുക്കന്മാരായ ഈ കവിയ്ക്കും ആ നേതാവിന്നും എത്ര കാലം ജീവിച്ചാലും വീടുപണി കഴിയലുണ്ടാവില്ല. ഒന്നു കഴിഞ്ഞാൽ മറ്റൊന്ന്. ഈ അറുപതുകാരൻ ആ എഴുപത്തിരണ്ടു കാരനോടു ചോദിക്കുന്നു.

'വീടുപണി എവിടെ എത്തി?'

'തറപ്പണി കഴിയാറായി'– എഴുപത്തിരണ്ടുകാരൻ തുടരുന്നു. 'നിങ്ങളുടേയോ?'

'പാദം കീറുന്നു.'

ഇതാ ഒരു കവി.